TB Movie Panel Weekly Review

**#MoviePanel**

' ന്നാ താൻ കേസ് കൊട്..'

എഴുതിയത് : ജിതേഷ് മംഗലത്ത്

ഒരിക്കൽ കള്ളനായിരുന്നവന്റെ മനംമാറ്റത്തിനും,ജോലി ചെയ്ത് കുടുംബം പോറ്റുന്ന സ്വഭാവത്തിനുമിടയ്ക്ക് വന്നു ചേരുന്ന ഒരപകടം അയാൾക്ക് വീണ്ടും മോഷ്ടാവിന്റെ പട്ടം ചാർത്തിക്കൊടുക്കുന്നതും ആ പേരിൽ നിന്ന് രക്ഷപ്പെടാൻ അയാൾ നിയമത്തിന്റെ വ്യവസ്ഥാപിതമായ വഴി തന്നെ ഉപയോഗിക്കുന്നതുമാണ് രതീഷ് ബാലകൃഷ്ണപൊതുവാളിന്റെ മൂന്നാമത്തെ ചിത്രമായ ന്നാ താൻ കേസ് കൊടുവിന്റെ ഇതിവൃത്തം.ഒറ്റനോട്ടത്തിൽ വളരെ ഋജുവും,അനാകർഷകവുമായ ഈ പ്ലോട്ടിനെ ആദിമദ്ധ്യാന്തം നർമ്മത്തിൽപ്പൊതിഞ്ഞ് അവതരിപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് ഈ സിനിമ അഭൂതപൂർവ്വമായ ജനപ്രീതി സ്വന്തമാക്കുന്നത്.പ്രമേയാവതരണത്തിന്റെ ലാഘവവത്ക്കരിക്കലിനൊപ്പം പിച്ച് പെർഫക്ടായ കാസ്റ്റിംഗ് കൂടിയാകുമ്പോൾ ന്നാ താൻ കേസ് കൊട് നവീനമായ ഒരനുഭവമാകുന്നുണ്ട്.

സിനിമയുടെ കഥയ്ക്കും,കഥാപാത്രങ്ങൾക്കുമൊപ്പം കഥയരങ്ങേറുന്ന ഭൂമികയ്ക്കും പ്രാധാന്യം കൊടുക്കുന്ന പ്രവണത ഇവിടെയും ദൃശ്യമാണ്.കാസർഗോഡും,അവിടത്തെ ഭാഷയും വളരെ പൊസിറ്റിവായിത്തന്നെ ഈ സിനിമയിൽ സ്വാഭാവികമായ നർമ്മോല്പാദനം നിർവ്വഹിക്കുന്നുണ്ട്.പണ്ടത്തെ മലയാളസിനിമകളിൽ കണ്ടുവരാറുള്ള ബോറടിപ്പിക്കുന്ന കോർട്ട് റൂം ഗൗരവനിമിഷങ്ങളെ അമ്പേ പൊളിച്ചെറിയുന്നുണ്ട് ന്നാതാൻ കേസ് കൊടുവിലെ മജിസ്ട്രേട്ടും,വക്കീലന്മാരും,കക്ഷികളും.കഥാന്ത്യം വരെ വെളിവാക്കാത്ത ട്വിസ്റ്റുകളും,സസ്പെൻസുമൊന്നും സിനിമയിലില്ല.തുടക്കത്തിലെ സി.സി.ടിവി ഫുട്ടേജിൽ നിന്നുതന്നെ കഥാനായകന്റെ നിരപരാധിത്വം നമുക്ക് ബോധ്യമാകുന്നുമുണ്ട്.എന്നിട്ടും അവസാന ഫ്രെയിം വരെ നമ്മൾ ആകാംക്ഷാഭരിതരായി ഇരിക്കുന്നുണ്ടെങ്കിൽ,ടൈറ്റിൽ കാർഡ്സ് തെളിയുമ്പോൾ കയ്യടിച്ചുകൊണ്ടിറങ്ങി വരുന്നുണ്ടെങ്കിൽ അതിനു കാരണം സംവിധായകന്റെ ക്രാഫ്റ്റ് തന്നെയാണ്.

ആൻഡ്രോയിഡ് കുഞ്ഞപ്പനിൽ അവലംബിച്ചതു പോലെ മിനിമലിസ്റ്റാക്കായുള്ള നർമ്മസംഭാഷണങ്ങൾ തന്നെയാണ് ഇവിടെയുമുള്ളത്.കോടതിക്കകത്തുള്ള വ്യവഹാരഭാഷയിൽ പോലും നർമ്മം കലർത്താൻ രചയിതാവ് മടിച്ചിട്ടില്ല. കുഞ്ചാക്കോ

ബോബനെക്കുറിച്ച് എന്തു പറയാൻ?!താരത്തിന്റെ ചെതുമ്പലുകളെല്ലാം പൊഴിഞ്ഞ് കഥാപാത്രം മാത്രമായി അടയാളപ്പെടുകയാണ് ഒരു കാലത്തിന്റെ ചോക്കളേറ്റ് ഹീറോ.കണ്ടിന്യൂറ്റിയുടെ മാസ്റ്റർ ക്ലാസ് എക്സിബിഷൻ💙.രാജേഷ് മാധവൻ എന്ന കാസ്റ്റിംഗ് ഡയറക്ടർക്ക് മാർക്ക് നൂറിൽ നൂറാണ്.ജഡ്ജ് കഥാപാത്രം തൊട്ട് റൈഡർ വരെയുള്ള കഥാപാത്രങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട അഭിനേതാക്കൾ ഓരോരുത്തരും ആടിത്തിമിർക്കുകയായിരുന്നു.

നമ്മൾ തന്നെ മറന്നുപോയ നമ്മുടെ ഏതൊക്കെയോ ഓർമ്മയടരുകളെ കിനിച്ചു കൊണ്ടിറങ്ങുന്ന അനുഭൂതികളുടെ ആഘോഷമായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം ന്നാ താൻ കേസ് കൊട്.ആർട്ട് ഫിലിമുകളോ,സമാന്തരസിനിമകളോ നൽകുന്ന അനുഭൂതികളേക്കാൾ എനിക്കെപ്പോഴും പ്രിയം മെയിൻ സ്ട്രീം സിനിമകൾ നൽകുന്ന ഇത്തരം കിക്ക് ആസ് മൊമന്റുകളാണ്.അങ്ങേയറ്റം കോമ്പാക്ടായ ക്രാഫ്റ്റിനും,ട്രീറ്റ്മെന്റിനും പ്രതിഫലമായെന്നോണം തീയേറ്ററിൽ മുഴങ്ങുന്ന ആ കയ്യടിശബ്ദങ്ങളുണ്ടല്ലോ,അത് നൽകുന്ന രോമാഞ്ചത്തിനോളം വലുതല്ല സിനിമ നൽകുന്ന മറ്റൊന്നും.

ന്നാ താൻ കേസ് കൊട് സമീപകാലമുഖ്യധാരാ സിനിമകളിലെ ഏറ്റവും കോമ്പാക്ടും,ക്രാഫ്റ്റിയുമായ അറ്റംപ്റ്റാണ്.ഒരു വശത്ത് അത് തുടക്കം മുതൽ ഒടുക്കം വരെ ഓർഗാനിക്കായ പേസ് നിലനിർത്തുമ്പോൾത്തന്നെ മറുവശത്ത് ജനപ്രിയതയുടെ അങ്ങേയറ്റം ആഹ്ലാദകരമായ മേലങ്കിയണിയുകയും ചെയ്യുന്നു.സച്ച് എ വണ്ടർഫുളി വണ്ടർഫുൾ പീസ് ഓഫ് ആർട്ട്❤️

രതീഷ് ബാലകൃഷ്ണപൊതുവാൾ ആൻഡ്രോയിഡ് കുഞ്ഞപ്പനിൽ അതിശയിപ്പിച്ചതാണ്;കനകം കാമിനി കലഹത്തിൽ അയാൾ ഴോണറിനോട് കാണിക്കുന്ന ആർജവം ബഹുമാനമുണർത്തിയെങ്കിൽ ന്നാ താൻ കേസ് കൊടിലേക്ക് എത്തുമ്പോൾ അയാൾ തന്റെ സിനിമയെ പേസ് ചെയ്യുന്ന വിധത്തിനോട് അമ്പരപ്പാണ് തോന്നുന്നത്.അസാധ്യനിയന്ത്രണമുണ്ട് ഈ മനുഷ്യന് തന്റെ സീക്വൻസ് സ്ട്രക്ചറിംഗിനു മേൽ!!

ന്നാ താൻ കേസ് കൊട് കുറേയധികം നാളുകളായി മലയാളത്തിന്റെ തിയേറ്റർ കാഴ്ച്ചകളിൽ അന്യമായിക്കൊണ്ടിരുന്ന പൊട്ടിച്ചിരികളെ തിരിച്ചുപിടിക്കുന്നുണ്ട്.സന്തോഷം കൊണ്ട് നിറയുന്ന മനസ്സും,കണ്ണും കൂടുതലൊന്നുമെഴുതാൻ സമ്മതിക്കുന്നില്ല.

വെർഡിക്ട്:പിരീഡ്💙😘